# KOOT @ 24002



little KITEs

**K**ite
**O**bjective
**O**utlearning
**T**eam
**@**24002

DIGITAL MAGAZINE

**St. Joseph's H.S. Pangarappilly**

# സന്ദേശം

ഹൈടക് സാങ്കേതിക വിദ്യയിലൂടെ പഠനം വളരെ കാര്യക്ഷമമായും അതിദ്രുതമായും നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പുതു തലമുറയും അതിനോടപ്പം മികവാർന്ന പ്രവർത്തനങ്ങളോടെ മുന്നേറേണ്ടതുണ്ട് കേരള സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായ ഇ–മാഗസിൻ പുതിയ സാധ്യതകൾ നമ്മുടെ വിദ്യാർത്ഥികൾക്കായി തുറന്നു വെച്ചിരിക്കുകയാണ്. വിവിധ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കികൊണ്ട് നമ്മുടെ വിദ്യാർത്ഥികൾക്കേവർക്കും മുന്നേറാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീമതി. ഷേളി കെ.വി
ഹെഡ്മിസ്ട്രസ്സ്

# എഡിറ്റർ

കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ഉതകുന്ന വിധത്തിൽ സാങ്കേതിക വിദ്യ പരിജ്ഞാനത്തിന് മുതൽക്കൂട്ടായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ–മാഗസിൻ എന്ന ഈ പുതിയ സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**സ്നേഹപൂർവ്വം**
മാളവിക.ജെ.നായർ

# ആശംസ

പങ്ങാരപ്പിള്ളി സെന്റ് ജോസഫ്സ് ഹൈസ്ക്കൂളിൽ നിന്നും പുറത്തിറങ്ങുന്ന ഇ-മാഗസിൻ കുട്ടികളിലെ ഡിജിറ്റൽ കഴിവുകൾ വളർത്തിയെടുക്കുന്നതിൽ തീർച്ചയായും വിജയിച്ചിട്ടുണ്ടെന്ന് നിശ്ചയം തന്നെ. ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും ഏറെ സ്നേഹത്തോടെ അഭിനന്ദിക്കുന്നു

എലിയാസ് കെ.എ
പി.ടി.എ പ്രസിഡന്റ്

# സമർപ്പണം



**ശ്രീ. സണ്ണി പി.വി**
**ഓഫീസ് അറ്റഡന്റ്**

**ഈ അധ്യയനവർഷം ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്ന ഓഫീസ് അറ്റഡന്റ് ശ്രീ. സണ്ണി പി.വി ക്ക് സ്നേഹാദരങ്ങളോടെ സമർപ്പിക്കുന്നു.**

# KOOT TEAM

- സിദ്ധാർഥ് സുകുമാരൻ
- ശ്രീഹരൻ എം. അനിൽകുമാർ
- വിനായക് പി. വി
- കാർത്തിക് എ. കെ നായർ
- അശ്വിൻ പി. ആർ
- ശ്രീപ്രണിത് ടി. എ
- മാളവിക ജെ നായർ
- അനുജ എം.
- ആമിനത്തുൽ മിർസ വി. എം
- ഗോകുൽ എസ്.
- മുഹമ്മദ് റൗഫ് കെ. എ
- മുഹമ്മദ് സുഹൈൽ പി. എസ്
- മുഹമ്മദ് സജാദ് പി. എസ്
- ഫഹദ് പി. എസ്
- അബ്ദുൾ ഫായിസ് കെ. എൽ
- അമൽ കൃഷ്ണ ടി. വി
- അൽഷൻ എം. എസ്
- അഭിജിത്ത് യു.
- അക്ഷയ് സുരേഷ്
- മുഹമ്മദ് ഫായിസ് വി. എസ്

## ലഹരി വേണ്ട!...

## ലഹരികെണിയിൽ കുരുങ്ങുന്ന കൗമാരം

കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം നിത്യസംഭവമായി മാറുകയാണ്. ആകാംക്ഷയാൽ ലഹാരി പരീക്ഷിച്ച് നോക്കുകയും പിന്നീട് ക്രമേണ അഡിക്ഷൻ എന്ന അവസ്ഥയിലേക്ക് എത്തിപ്പെടുകയുമാണ് ചെയ്യുന്നത്.

വിദ്യാർത്ഥികളെയും യുവാക്കളെയും മയക്കമരുന്നിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായി ലഹരി മാഫിയ മയക്കുമരുന്നുകൾ തുടക്കത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നു. കുട്ടികൾ അത് ആകാംക്ഷയോടുകൂടി വാങ്ങി ഉപയോകഗിക്കുന്നു. 16-നും 18-നും ഇടയിലുള്ള 43 % പേരും ഇത്തരത്തിലൂള്ള മയക്കുമരുന്നുവസ്തുക്കൾ ഒരു തവണയെങ്കിലും ഉപയോഗിച്ചതായി കണ്ടെത്തി.

ഒരു തവണത്തെ ഉപയോഗം കൊണ്ടു പോലും ലഹരിക്ക് അടിമപ്പെട്ട് പോകാം. തലച്ചോറിലെ രാസഘടനയിൽ വിവിധ തരത്തിലുള്ള മാറ്റങ്ങൾ വരുത്തുകയും ക്രമേണ ലഹരി വസ്തുക്കൾ സ്ഥിരമായി ഉപയോഗിക്കുന്ന അവസ്ഥയിലെത്തുകയും ചെയ്യും. മയക്കമരുന്നുകൾ പല രൂപങ്ങളിലും പേരുകളിലും
ലഭ്യമാണ് . മണമോ നിറമോ തിരിച്ചറിയാത്ത ഇവയെ കണ്ടുപിടിക്കുന്നത് ബുദ്ധിമുട്ടാണ്.

ലഹരിയെ വെറുക്കാം....ലഹരിയെ ഉപേക്ഷിക്കാം...നല്ല നാളയെ പടുത്തുയർത്താം...



## അധ്യാപകർക്ക് സ്നേഹപൂർവ്വം.......

എന്റെ പ്രിയ അധ്യാപകർക്ക് സുഖമല്ലേ.......

അന്ധകാരത്തിന്റെ മറനീക്കി ജ്വലിച്ചുയരുന്ന അക്ഷരങ്ങളുടെ നിറനിലാവിലേക്ക് ഞാനുൾപ്പെടെയുള്ള ഓരോ കുരുന്നുകളെയും കൈപിടിച്ചുയർത്തുന്ന എൻെറ അധ്യാപകർക്ക് ഓരോരുത്തർക്കും ഒരായിരം നന്ദി....

ഓരോ ഗുരുക്കൻമാരും ഞങ്ങൾക്കു നൽകുന്ന സ്നേഹം ഈ വിദ്യാർത്ഥി ജീവിതത്തിൽ മറക്കാനാവാത്ത വലിയ സമ്പാദ്യമാണ്. എന്നും ക്ലാസിലേക്ക് ഒരു നിറപുഞ്ചിരിയോടുകൂടി എത്തുന്ന അദ്ധ്യാപകർ സ്നേഹത്തോടെ പറഞ്ഞുതരുന്ന പാഠങ്ങൾ ജീവിതത്തിലേക്ക് ഞങ്ങളെ നയിക്കാനുള്ള ചവിട്ടുപടിയാണ് എന്ന് ഓർമ്മപ്പെടുത്തുന്നതിനും, സ്വന്തം മക്കളോടുള്ള കരുതൽ പോലെ, സ്നേഹം പോലെ, സംരക്ഷണത്തിനും തിന്മയിൽ നിന്ന് നന്മയിലേക്ക് നയിക്കാൻ പ്രയത്നിക്കുന്നതിനും, തിരിച്ചറിയാതെ പോയ ഒരുപാടു കഴിവുകൾ ബോധ്യപ്പെടുത്തുന്നതിനും സ്വന്തം മാതാപിതാക്കളോടുള്ള സ്നേഹംപോലെ സ്നേഹം നൽകാനും,നിങ്ങളോരോരുത്തരെയും സന്തോഷിപ്പിക്കാനും എൻെറ ഈ ജീവിതത്തിൽ ഞാൻ ശ്രമിക്കും.....

ഏഴാം ക്ലാസ്സുവരെ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ഗുരുവിനെ കണ്ടെത്താൻ സാധിച്ചിരുന്നു. എന്നാൽ ഇവിടെയെത്തിയപ്പോൾ ആ ധാരണ മാറി. എല്ലാവരും എനിക്കേറ്റവും ഇഷ്ടപ്പെട്ടവരായി. ഒരു നൂലിൽ കോർത്ത മുല്ലപ്പൂക്കൾ പോലെ. ആരും അതിൽ കേറിനിന്നില്ല. ഞങ്ങൾക്കുവേണ്ടി ഈ വിദ്യാലയ അങ്കണത്തിനു വേണ്ടി ലഭിച്ച എല്ലാ അധ്യാപകരും മറ്റ് ആർക്കും ലഭിക്കാത്ത പവിഴമുത്തുകളാണ്. എല്ലാ അധ്യാപകരും മികച്ചതിൽ മികച്ചത് !

എൻെറ കുട്ടിക്കാലത്ത് എനിക്ക് ലഭിച്ച സ്നേഹ സമ്മാനമാണ് എൻെറ അധ്യാപകർ. സ്നേഹം കൊണ്ട് മണിമാളിക പണിഞ്ഞ് അതിൽ ഏറ്റവും വലിയ മണിരത്നങ്ങൾ പോലെ മനസ്സിൽ എന്നും ഈ ഗുരുമുഖങ്ങൾ മായാതെ കിടക്കും. സ്നേഹവും ലാളനയും തന്ന് ഒരമ്മയുടെയും അച്ഛൻെയും കരുതലോടെ മനസ്സിൽ വച്ച് താലോലിച്ച ഓരോ അധ്യാപകർക്കും സ്നേഹം നിറഞ്ഞ നന്ദി.

എന്നും നല്ലതുമാത്രം ഉണ്ടാകട്ടെ......

കാർത്തിക് എ കെ നായർ

# സമർപ്പണം

അറിവിൻെറ ആഴക്കടലിൽനിന്ന് മുത്തും പവിഴവും
വാരിയെടുക്കാൻ സഹായിച്ച എൻെറ ഗുരുക്കൻമാർക്കുള്ള
സമർപ്പണം.
അറിവിൻെറ അക്ഷരലോകത്തെയറിയുവാൻ
അഴകേകുമെൻ ജീവിതാംശത്തിൻ വിളക്കായി
ജ്വലിക്കുമെൻ ഗുരുവിൻെറ
പാദത്തിൻ സ്പന്ദനം
എൻ ഗുരുവിൻെറ മിഴിയിലെതീക്ഷണത
യിലലിഞ്ഞവൾ ഞാൻ
തീക്ഷണമാം വിദ്യയിൽ
നവവാനം പണിതവർ
എൻ അരുമ ഗുരുവിൻ
പാദവന്ദനത്തിൻമുന്നിൽ
സമർപ്പണം.........
സമർപ്പണം....
സമർപ്പണം........

-അനുജ.എം



# മികവുകളുടെ മുകളിലൊരു ലോകം!

പണിതീർന്ന, അതിമനോഹരമായ മാർബിൾ ശില്പത്തിലേക്കു നിസംഗനായി നോക്കിനിന്നു ലിയോനാർഡോ ഡാവിഞ്ചി എന്ന വിശ്രുത ശില്പി. ആ ശില്പം കണ്ടവർ അത്ഭുതാദരങ്ങൾകൊണ്ടുഴിഞ്ഞു, ശിൽപിയെയും ശിൽപത്തെയും ! എന്നാൽ,അല്പനേരം കഴിഞ്ഞപ്പോൾ ആസ്വാദകരുടെ നെഞ്ചു തകർത്തുകൊണ്ട്,ശില്പത്തിൻെ മിഴികൾക്ക് അപൂർണതയുണ്ടായിരുന്നു!

മറ്റുള്ളവരുടെ ആവശ്യത്തിനായി നിർമ്മിക്കുന്ന വിവിധ തരത്തിലുള്ള ഉത്പന്നങ്ങൾ, സ്വയം ഉപയോഗിക്കാനാണെന്ന പോലെ നിർമിക്കുന്നവരുണ്ട്. എന്നാൽ, വീട്ടിൽ ഉപയോഗിക്കാനും വിൽപന നടത്താനുമായി രണ്ടു തരം ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവരും ഉണ്ട്. കേരളീയരെ സംബന്ധിച്ചിടത്തോളം കറിക്കത്തിയാണെങ്കിലും കരിക്കലത്തുണിയാണെങ്കിലും വിദേശനിർമ്മിതമാണെങ്കിൽ കണ്ണടച്ചുപയോഗിക്കുന്ന ഒരു സ്വദേശിവിരുദ്ധ ഉപഭോഗമനസ്സാണ് ഇന്നും നിലനിൽക്കുന്നത്. ഈ മനസ്സിനെ തച്ചുടച്ച് സ്വയം പര്യാപ്തരായി ഉയരാം. നവ കേരളത്തെ പടുത്തുയർത്താം

ഫഹദ് പി.എസ്.

# ചില നൊമ്പരപ്പൂക്കൾ


ചില സന്ധ്യകൾ ചുവന്ന തുടുക്കാറില്ല
ചില മുകിൽമാലകൾ പെയ്തൊഴിയാറില്ല
ചില  രാത്രികൾ നിലാവു പൊഴിക്കാറില്ല
ചില നേരം കാറ്റിന് ചന്ദനഗന്ധമില്ല

ചില മോഹങ്ങൾ സഫലമാവാറില്ല
ചില നിമിഷങ്ങൾ മനസ്സിൽ നിന്നും  മായാറില്ല
ചില സത്യങ്ങൾ ആരും ഓർക്കാറില്ല
ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാറില്ല

നക്ഷത്രപ്പട്ടു പുടവയുംഅമ്പിളി തിലകവും
മിന്നാമിന്നി പൂമാലയുമായി
ആകാശം ആമ്പൽ പോലെ ആടിയുലയുന്ന
പൊൻ പുലരിക്കായി കാത്തിരിക്കുന്നു...

പ്രകൃതി ഇരുൾതൊപ്പി പൊക്കി നോക്കുമ്പോൾ
പുലർച്ചെ കുളിർക്കാറ്റ് വീശിപ്പറക്കും
നാണത്താൽ ചോന്നുതുടുത്ത
മന്ദമണഞ്ഞ പുലരിയുടെ
സൂര്യതിലകം ചാർത്തി
നന്മയുടെ നറുമുത്തുകൾ പാകി

-ആമിനത്തുൾ മിർസ



# എന്റെ ജീവൻ

എൻെറ ചിന്തകൾ കുഞ്ഞിച്ചിറകുകൾ വീശി
എത്ര ഉയരം വരെ പറക്കുന്നുവോ
അവിടെവരെയാണെൻെറ ആകാശം

എൻെറ സ്വപ്നങ്ങൾ തെളിച്ച വഴിയെ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെൻെറ സാമ്രാജ്യം

കാലപ്രവാഹത്തിൻെറ പച്ചിലചാർത്തിൽ
നിന്നിറ്റുവീഴുന്ന മഞ്ഞുത്തുള്ളിയായി
സ്നേഹമെന്നിയെത്ര ആഴത്തിൽ
നിറഞ്ഞൊഴുകി പരക്കുന്നുവോ
അതാണെൻെറ കടൽ

കിനാവുകൾ ചേക്കേറിയ ഹൃദയാകാശത്തിൻെറ
പ്രതീക്ഷയാം നിലാവെളിച്ചത്തിൻ
മോഹപ്പൂക്കൾ കാട്ടിയ വഴിയെ
കാലമാം കടലിൽ
ഞാനെൻെറ ജീവിതത്തോണി തുഴയുന്നു

അനുഭൂതിയാണ്...വർണ്ണവും വസന്തവും
വിരഹവും, വിഷാദവും ചാലിച്ച്
പോയകാലത്തിൻെറ നേരിയ ചാലിൽനിന്ന്
നാളയുടെ ആഴക്കടലിലേക്ക് ഇറ്റുവീഴുന്ന
അനശ്വരമായ അനുഭൂതിയുടെ നിലക്കാത്ത ധാര

സിദ്ദാർത്ഥ് സുകുമാരൻ

# മനോഭാവത്തിന്റെ മാർക്ക്


അച്ഛനും അമ്മയും രണ്ടു കുട്ടികളും കൂടി ബന്ധത്തിൽപ്പെട്ട ഒരു രോഗിയെ കാണാൻ ആശുപത്രി സന്ദർശിച്ചു. മുറിക്കുള്ളിൽ വല്ലാത്ത ചൂട്. “ഇടക്കിടെ കറന്റ് പോകും. അപ്പോൾ ചൂടു കൂടും!” രോഗി പറഞ്ഞു. അതു കേട്ടതോടെ മൂത്ത കുട്ടി "നമ്മുക്കു പോകാം"എന്നു പറഞ്ഞു”. അവൻ പ്ലസ്ടു വിനു പഠിക്കുന്നു. അടുത്ത ദിവസം പരീക്ഷയാണ്. ആ സമയം, ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന രണ്ടാമൻ ഓടിച്ചെന്നു കിഴക്കുവശത്തെ ഒരു ജനൽ തുറന്നു. അതുവഴി നല്ല കാറ്റ് മുറിക്കുള്ളിലേക്ക് വന്നു. രോഗി അതിശയത്തോടെ ആ കുട്ടിയെ നോക്കി. എന്തുകൊണ്ടാണ് ആ ജനാല തുറക്കാൻ തനിക്ക് ഇതുവരെ തോന്നാഞ്ഞത് ? കുട്ടിയുടെ അച്ഛനും അതാണ് ചിന്തിച്ചത്? സാമ്പത്തിക ചുറ്റുപാടല്ല കാര്യം. മനോഭാവം.. അതാണ് പ്രധാനം. അതിനെയാണ് സംസ്കാരം എന്ന് പറയുന്നത് . നല്ല മനോഭാവമുള്ളവർക്ക് എപ്പോഴും പുതിയ വഴികൾ മുന്നിൽ തെളിയും........

മുഹമ്മദ് ഫായിസ് വി എസ്

## മാരത്തൺ മത്സരമല്ല
## ഈ ജീവിതം

നമ്മൾ യുദ്ധത്തിൽ ജയിച്ചേ...'' എന്നു വിളിച്ചുകൂവി ഒരു ഗ്രീക്ക് ദൂതൻ മാരത്തണിലെ പടക്കളത്തിൽനിന്ന് ഏഥൻസ് വരെ ഓടിയെത്തിയ കഥ കേട്ടിട്ടില്ലേ? ഓടിയ കക്ഷി ഓട്ടംകഴിഞ്ഞു വീണു  മരിക്കുകയായിരുന്നു. മാരത്തൺ മത്സരങ്ങളുടെ തുടക്കം അങ്ങനെയാണത്രേ! മത്സരം ആരുടെയെങ്കിലും മരണത്തിലേ അവസാനിക്കൂ എന്നതാണ് കഥയുടെ സന്ദേശം. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വിജയിക്കണം എന്ന ലക്ഷ്യമേയുള്ളൂ. ഫിനീഷിംഗ് പോയൻറിലാണ് ഏവരുടെയും ശ്രദ്ധ. തോറ്റവൻ ഔട്ട്. ജീവിതം മാരത്തൺ മത്സരം അല്ല. അതിനെ മത്സരമാക്കരുത്. ഒടുവിൽ കിട്ടുന്ന ട്രോഫിക്കുവേണ്ടിയല്ല, ജീവിതായനം ഓരോ നിമിഷവും ട്രോഫിയുടെ മധുരം നുണയണം. ജീവിതത്തിൽ എന്തെങ്കിലുമൊക്കെ നേടുക എന്നത് ലക്ഷ്യമാക്കരുതെന്ന് എലനോർ റൂസ്വെൽറ്റ് പറഞ്ഞിട്ടുണ്ട്. അന്തസ്സുള്ള, അർഥമുള്ള, രസകരമായ നല്ലൊരു ജീവിതം-അതു തന്നെയാണ് ലക്ഷ്യം. അതാണ് സാക്ഷാൽ അന്നം. നേട്ടങ്ങൾ എന്നത് പ്ലേറ്റിന്റെ സൈഡിൽ വിളമ്പുന്ന കറികൾ മാത്രം. മത്സരയോട്ടക്കാരൻ പ്രകൃതിസൗന്ദര്യം ആസ്വദിക്കുന്നില്ല.അവൻ ചുറ്റുപാടുകൾ ശ്രദ്ധിക്കില്ല. അവനുടെ ഓട്ടം അവൻ ആസ്വദിക്കുന്നില്ല. ജീവിതത്തെ മത്സരമായി കണക്കാക്കരുത്. മറ്റെല്ലാവരെയും പിന്നിലാക്കുന്നതു ജീവിതലക്ഷ്യമാക്കിയാൽ സുഖമായ  ഉറക്കം പോലും നമുക്ക് കിട്ടില്ല. അതിനാൽ,പരീക്ഷ എന്നത് മത്സരമല്ല എന്നറിയുക. ആസ്വദിച്ച് എഴുതുക.ഏവർക്കും പരീക്ഷക്കായുള്ള വിജയാശംസകൾ......

മുഹമ്മദ് റഊഫ്





# എന്റെ അമ്മ


എന്റെ സ്വന്തം അമ്മ
സ്നേഹമുള്ള അമ്മ
ഇരുട്ടിൽ നിലാവാണെൻ അമ്മ
രാവിൽ സൂര്യനാണെൻ അമ്മ
എൻ വഴി തെളിയിക്കുമെൻ അമ്മ
അമ്മയാണെൻ മാതൃക
അമ്മയാണെൻ ജീവൻ
എൻ സന്തോഷമാണെൻ അമ്മ
എന്റെ ശ്വാസമാണെൻ അമ്മ
അമ്മയാണെന്റെ ലോകം
എന്റെ  സ്വന്തം അമ്മ
സ്നേഹമുള്ള അമ്മ

സജ്ജാദ്

# കുള്ളൻഗ്രഹത്തിന്റെ കൂട്ടുകാർ

കുള്ളൻഗ്രഹങ്ങളിൽ പ്ലൂട്ടോയോട് സാദൃശ്യമുള്ള ഗ്രഹമാണ് ഹോമിയ. ഉരുളക്കിഴങ്ങ്, മുട്ട എന്നിവയുടെ രൂപമുള്ള ഹോമിയയ്ക്ക് രണ്ടു ചെറിയ ഉപഗ്രഹങ്ങളുണ്ട്. ഹോമിയയുടെ ശിലാപ്രതലത്തിനു ചുറ്റും കട്ടി കുറഞ്ഞ മഞ്ഞുപാളികകളുണ്ട്. മഞ്ഞുപാളികകളുടെ ഈ സാന്നിധ്യമാണ് ഹോമിയയെ തിളക്കമുള്ളതാക്കുന്നത്. പ്ലൂട്ടോയുടെ ഒപ്പം വിസ്താരമുള്ള ഈ കുള്ളൻഗ്രഹത്തിന്റെ ഭ്രമണവേഗം കൂടുതലായതിനാൽ ദിവസത്തിന്റെ ദൈർഘ്യം കുറവാണ്. വെറും നാലു മണിക്കൂർ. എന്നാൽ സൂര്യനെ വലം വെക്കാൻ 285 ഭൗമദിനം വേണം. സൗരയൂഥത്തിലെ ഏതൊരു വലിയ വസ്തുവിനേക്കാളും വേഗത്തിൽ ഭ്രമണം പൂർത്തിയാക്കുന്നത് ഹോമിയായാണ്. സമൃദ്ധിയുടെ ദേവതയായി അറിയപ്പെടുന്ന ഹവായിയാണ് ഇപ്പോൾ ഈ പേരിൽ അറിയപ്പെടുന്നത്.

**അൽഷൻ എം. എസ്**



## രണ്ടുതരം മനോഭാവക്കാർ

വനത്തിനു സമീപമുള്ള ഒരു ഗസ്റ്റ്ഹൗസിൽ രാത്രി നേരം രണ്ടു ചെന്നായകൾ ചുറ്റിത്തിരിയുന്നു. ഗസറ്റ്ഹൗസിലെ താമസക്കാർക്ക് ഭയമായി. ചെന്നായവേട്ടക്കാരായ രണ്ടു ചെറുപ്പക്കാരെ ഗസറ്റ് ഹൗസ് മാനേജർ വിളിച്ചുവരുത്തി. സഹോദരങ്ങളായിരുന്നു അവർ.

"പിടികൂടിയാൽ ഓരോ ചെന്നായക്കും രണ്ടായിരം രൂപ വീതം തരാം" മാനേജർ പറഞ്ഞു. ചെറുപ്പക്കാർ സമ്മതിച്ചു. പിറ്റേന്ന്,അവർ ഗസ്റ്റ്ഹൗസിനു പുറത്ത് ഏറുമാടം കെട്ടി. രാത്രിയായി... അകലെ ചെന്നായ ഓരിയിടുന്ന ശബ്ദം! സഹോദരങ്ങൾ തയ്യാറായി ഇരുന്നു. പെട്ടെന്ന് കൂട്ടമായി പാഞ്ഞു വന്ന ചെന്നായ്ക്കളെയാണ് അവർ കണ്ടത്. ജ്യേഷ്ഠന്റെ മുഖത്ത് ഭീതി നിറഞ്ഞു.

അനിയാ,രണ്ടല്ല, കുറേയേറെ ചെന്നായ്ക്കളുണ്ട്. നമ്മൾ ഇനി എന്തു ചെയ്യും? ജ്യേഷ്ഠൻ തളർന്ന ശബ്ദത്തിൽ പറഞ്ഞു. വിടർന്ന കണ്ണുകളുമായി നോക്കിനില്ക്കുകയായിരുന്നു അനിയൻ.

അവൻ ഉത്സാഹത്തോടെ പറഞ്ഞു: "ചേട്ടാ,അവ പന്ത്രണ്ട് എണ്ണമുണ്ട്. പന്ത്രണ്ട് ഗുണം രണ്ടായിരം. നമുക്കു കിട്ടാൻ പോകുന്നത് അത്രയുമാണ് ...വിട്ടുകളയരുത് !

രണ്ടു പേരുടെയും മനോഭാവം ശ്രദ്ധിക്കുക. ജ്യേഷ്ഠൻ ക്രൈസിസിനെക്കുറിച്ചാണ് ചിന്തിച്ചത്.അനിയൻ അവസരങ്ങളെക്കുറിച്ചും.ഓരോ ക്രൈസിസും പുത്തൻ അവസരങ്ങൾ തുറക്കുന്നുണ്ട് . അപകടത്തെക്കുറിച്ച് ചിന്തിച്ച് അവ നൽകുന്ന പുത്തൻ അവസരങ്ങളെക്കൂടി ചിന്തിക്കണം.

ഫഹദ് പി എസ്

# Gallery






















ചേലക്കര പങ്ങാരപ്പിള്ളി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ നല്ലപാഠം വിദ്യാർഥികൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാനിറങ്ങിയപ്പോൾ.

## പങ്ങാരപ്പിള്ളി സ്കൂളിൽ നൊ പ്ലാസ്റ്റിക് 20-20

ചേലക്കര • പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പങ്ങാരപ്പിള്ളി സെന്റ് ജോസഫ്സ് സ്കൂളിലെ നല്ലപാഠം കൂട്ടുകാർ. സ്കൂൾ പരിസരത്തെ മാലിന്യങ്ങൾ ശേഖരിച്ചു പലയിടത്തായി സ്ഥാപിച്ച പെട്ടികളിലാക്കി. എഴുതി തീർന്ന ആത്മ വിശ്വാസം എന്ന പെട്ടിയിൽ മഷി തീർന്ന പേനകൾ ഇട്ടു. പദ്ധതിയുടെ ഉദ്ഘാടനം പ്രധാനാധ്യാപിക കെ.വി. ഷേളി നിർവഹിച്ചു. നല്ലപാഠം കോ ഓർഡിനേറ്റർ ഫാ. വിൽസൻ കോക്കാട്ട് നേതൃത്വം നൽകി.










# OUR ATL LAB



# നന്ദി

വിദ്യാഭ്യാസ പ്രക്രിയയ്ക്ക് അനുപാതികമായി മുന്നോട്ട് കുതിക്കാനുള്ള ഞങ്ങളുടെ ഈ പരിശ്രമങ്ങൾക്ക് കൈതാങ്ങായി പ്രവർത്തിച്ച ബഹുമാനപ്പെട്ട ശ്രീമതി. ഷേളി കെ.വി ഹെഡ്മിസ്ട്രസ്സ് , കൈറ്റ് മിസ്ട്രസ്സുമാർ, മറ്റ് അധ്യാപകർ ,ഓഫീസ് അംഗങ്ങൾ, കൈറ്റ് വിദ്യാർത്ഥികൾ, പ്രിയ കൂട്ടുകാർ .....

ഏവർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഹൃദയംഗമമായ നന്ദി...

